കേൾക്കേണ്ട ശബ്ദം:
ആക്രമണം പ്രകൃതിയുടേതായാലും ശത്രുവിന്റേതായാലും നേരിടാൻ ഔദ്യോഗിക പ്രഖ്യാപനത്തിന് കാത്തിരിക്കണമെന്ന് ഏതെങ്കിലും പുസ്തകത്തിൽ പറഞ്ഞിട്ടുണ്ടെങ്കിൽ, പുസ്തകവും വായനയും മരിക്കുന്നതുതന്നെയാണ് നല്ലത്.
- പനച്ചി

മക്തബ്

1193 വൃശ്ചികം 21 1439 റ.ഉൽ.അവ്വൽ 17

ബി.ജെ.പിക്ക് മുന്നിൽ തോറ്റുപോകുന്ന സി.പി.എം

ബൗധികവും പ്രായോഗികവുമായി ഏതൊരു വലതുപക്ഷ രാഷ്ട്രീയ പാർട്ടികളെക്കാളും മുൻപന്തിയിലാണ് ഏതൊരു കമ്മ്യൂണിസ്റ്റുപാർട്ടിയും എന്നത് നാളിതുവരെയുള്ള അനുഭവമാണ്. എന്നാൽ ബി.ജെ.പി എന്ന തീവ്ര വലതുപക്ഷ രാഷ്ട്രീയ പാർട്ടിക്ക് മുന്നിൽ കേരളത്തിൽ സി.പി.എം നേതൃത്വം നൽകുന്ന ഇടതുപക്ഷ സർക്കാർ തോറ്റുപോകുന്നതാണ് സമീപകാലത്ത് കണ്ടുകൊണ്ടിരിക്കുന്നത്. അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് 'ഓഖി' ചുഴലിക്കാറ്റുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയനും അദ്ദേഹത്തിന്റെ മന്ത്രിസഭ അംഗങ്ങളും മത്സ്യത്തൊഴിലാളികളുടെ കടുത്ത പ്രതിഷേധം ഏറ്റുവാങ്ങിയപ്പോൾ ബി.ജെ.പിയുടെ കേന്ദ്രമന്ത്രി നിർമ്മല സേതുരാമൻ അവരുടെ കയ്യടി വാങ്ങി തിരിച്ചുപോയത്. എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നുവെന്നത് സി.പി.എം അണികളെങ്കിലും തിരിച്ചറിയാൻ തയ്യാറാകുന്നില്ലെങ്കിൽ കേരളത്തിലെ ഭാവികാല രാഷ്ട്രീയം തീവ്രവലതുപക്ഷ രാഷ്ട്രീയത്തിന്റെ കൈകളിൽ അമർന്നുപോയേക്കാം. കാര്യങ്ങൾ എങ്ങോട്ടേക്കാണ് നീങ്ങുന്നതെന്ന് അരിയാഹാരം കഴിക്കുന്നവർക്കൊക്കെ മനസിലായി തുടങ്ങിയിട്ടുണ്ട്.

എവിടെയാണ് കേരളത്തിലെ സി.പി.എം പരാജയപ്പെട്ടുകൊണ്ടിരിക്കുന്നതെന്ന് തുറന്ന പരിശോധനക്ക് സമയമായിരിക്കുന്നു. കേന്ദ്ര പ്രതിരോധമന്ത്രി നിർമ്മല സീതാരാമൻ തിരുവനന്തപുരത്തെ വിഴിഞ്ഞവും പൂന്തുറയും ഒക്കെ സന്ദർശിക്കുമ്പോൾ അങ്ങേയറ്റം വികാര വിക്ഷുബ്ധമായ രംഗമായിരുന്നു. എന്നാൽ മത്സ്യത്തൊഴിലാളികളുടെ രോഷപ്രകടനത്തിന് മുന്നിൽ മകളും സഹോദരിയുമൊക്കെയായി അവർക്ക് സംസാരിക്കാൻ കഴിഞ്ഞു.പല തവണ കൈകൂപ്പി അപേക്ഷാസ്വരത്തിൽ സംസാരിച്ച് അവർ ജനങ്ങളുടെ രോഷത്തെ തണുപ്പിച്ചു. ജനങ്ങളെ വിശ്വാസത്തിലെടുത്ത ഒരു നേതാവിന്റെ, മന്ത്രിയുടെ പ്രകടനമായിരുന്നു അത്. എന്നാൽ മുഖ്യമന്ത്രി പിണറായി വിജയന്റെ കാര്യമോ. വൈകി മാത്രമാണ് അദ്ദേഹം ദുരന്ത ബാധിത പ്രദേശത്ത് എത്തിയത്. സംസ്ഥാന ഭരണ സംവിധാനമാകട്ടെ ദുരന്തം സംബന്ധിച്ച മുന്നറിയിപ്പ് അവഗണിക്കുകയും ദുരന്തനിവാരണ പ്രവർത്തനത്തിൽ വീഴ്ചവരുത്തുകയും ചെയ്തു. സ്വാഭാവികമായും ജനങ്ങളുടെ പ്രതിഷേധം ഏറ്റുവാങ്ങേണ്ടി വരും. എന്നാൽ നിർമ്മല സീതാരാമനെ പോലെ ജനങ്ങളുടെ പ്രതിഷേധം ശമിപ്പിക്കുന്ന രീതിയിൽ ഇടപെടാൻ മുഖ്യമന്ത്രി പൂർണ്ണമായും പരാജയപ്പെടുകയായിരുന്നു. അവരുടെ കൂട്ടത്തിൽ നിന്ന് സംസാരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. മറിച്ച് അദ്ദേഹം പ്രതിഷേധ സ്ഥലത്ത് നിന്ന് ഭീരുവിനെ പോലെ ഒളിച്ചോടുകയായിരുന്നു. നിർമ്മല സീതാരാമനും മുഖ്യമന്ത്രി പിണറായി വിജയനും തമ്മിലുള്ള വ്യത്യാസം അതായിരുന്നു. ജനങ്ങൾക്കൊപ്പം നിലയുറപ്പിക്കാൻ കഴിയാത്ത പിണറായി വിജയൻ എന്ത് കമ്മ്യൂണിസ്റ്റാണ്.

കേരളത്തിലെ സി.പി.എം കഴിഞ്ഞ കുറെ വർഷങ്ങളായി അനുവർത്തിച്ച് വരുന്ന രീതിയാണ് ഇത്തരമൊരു ദയനീയ അധഃപതനത്തിന് വഴിവച്ചത്. പി.ജയരാജന് എതിരേ വ്യക്തിപൂജ ആരോപണം ഉന്നയിക്കുന്ന സി.പി.എം നേതൃത്വം എത്രയോ കാലമായി സംഘടനക്കകത്തും പുറത്തും അത് അനുവർത്തിക്കുകയായിരുന്നു. പിണറായി വിജയനെ കേന്ദ്രീകരിച്ച് വളർന്നു വന്ന വ്യക്തിപൂജ ഏകാധിപത്യത്തിന്റെ അവസ്ഥയിലേക്കാണ് സി.പി.എമ്മിനെ എത്തിച്ചത്. പിണറായി ചോദ്യം ചെയ്യപ്പെടാത്ത, വിമർശനത്തിന് അതീതനായ നേതാവായി വളർന്നുവരികയായിരുന്നു. അതിലൂടെ പാർട്ടി സംവിധാനം അദ്ദേഹത്തിന്റെ മുന്നിൽ പഞ്ചപുച്ഛമടക്കി നിന്നു. കമ്മ്യൂണിസ്റ്റ് വിരുദ്ധമായ ഭീഷണിയും താക്കീതും കൊണ്ട് സംഘടനയെ ഒന്നാകെ അദ്ദേഹം തന്റെ ചൊൽപ്പടിയിൽ നിർത്തി. അനുസരണയാണ് അദ്ദേഹം അണികളിൽ നിന്ന് ആവശ്യപ്പെട്ടത്. അദ്ദേഹത്തിന്റെ ശരീരഭാഷയും സംസാരഭാഷയും ഒക്കെ തികഞ്ഞ ഏകാധിപതിയുടെതായിരുന്നു. മാധ്യമ പ്രവർത്തകർ പിണറായിയെ ഭയപ്പെട്ടു. മന്ത്രിസഭ അംഗങ്ങൾ ഭയപ്പെട്ടു. ഉദ്യോഗസ്ഥർ ഭയപ്പെട്ടു. അതോടെ പൊതുസമൂഹത്തിൽ അദ്ദേഹത്തിന്റെ സ്വീകാര്യതയിൽ ഇടിവ് സംഭവിക്കുകയായിരുന്നു. അതേസമയം തലമുതിർന്ന നേതാവായ വി.എസ്.അച്യുതാനന്ദൻ പൊതുസമൂഹത്തിന്റെ സ്വീകാര്യത കൂടി നേടിയെടുത്താണ് കേരളത്തിൽ സമാനതകളില്ലാത്ത വ്യക്തിത്വത്തിന്റെ ഉടമയായി മാറിയതും എന്ന് ഓർക്കുക.

സി.പി.എമ്മിന്റെ സംസ്ഥാന സെക്രട്ടറി പദത്തിൽ നിന്നും കേരളത്തിന്റെ മുഖ്യമന്ത്രി പദവിയിലേക്ക് ഉയർന്നപ്പോഴും പിണറായിയുടെ പെരുമാറ്റത്തിൽ യാതൊരു മാറ്റവും ഉണ്ടായില്ല. എല്ലാം തന്റെ കാൽക്കീഴിലാണെന്ന അബദ്ധ ബോധത്തിൽ നിന്ന് പിണറായി ഒരിക്കലും വേർതിരിവ് നേടിയെടുത്തില്ല. അതായിരിക്കണം വിഴിഞ്ഞം പോലുള്ള പ്രദേശത്തേക്ക് ഓടിയെത്തുന്നതിൽ നിന്ന് പിണറായി വിജയനെ തടഞ്ഞ ഘടകവും. പിണറായി പരാജയപ്പെട്ട ഒരു മുഖ്യമന്ത്രിയാവുകയാണ്. ഇ.എം.എസിന്റെയോ, നായനാരുടെയോ, വി.എസിന്റെയോ തലത്തിലേക്ക് അദ്ദേഹത്തിന് ഉയരാൻ കഴിയാതെ പോകുന്നത് ഏകാധിപതിയുടെ മനസ് കാത്തുസൂക്ഷിക്കുന്നത് കൊണ്ടാണ്. ജനങ്ങളിൽ നിന്ന് പഠിക്കാൻ വിസമ്മതിക്കുന്നത് കൊണ്ടാണ്.

പാർട്ടി അണികൾ പിണറായിക്ക് മുന്നിൽ ഓഛാനിച്ച് നിൽക്കുമായിരിക്കാം. എന്നാൽ കാലം മാറി പോയിരിക്കുന്നു. പാർട്ടി ഗ്രാമങ്ങളുടെ ഭീതിയില്ലാത്ത സമൂഹങ്ങളിൽ പിണറായി വിചാരണ ചെയ്യപ്പെടും എന്നതിന്റെ തെളിവായിരുന്നു വിഴിഞ്ഞത്ത് കാണപ്പെട്ടത്. പുതിയ കാലത്തെ പാമ്പ് മൂർഖനല്ല, ചേരയാണെന്ന് സിവിക് ചന്ദ്രനെ പോലുള്ള ആളുകൾ പറയുന്നത് ഇതുകൊണ്ടാണ്. മൂർഖന്റെ കാലം കഴിഞ്ഞു പോയിരിക്കുന്നുവെന്ന് സി.പി.എം അണികൾ മനസിലാക്കുന്നില്ലെങ്കിൽ കാര്യങ്ങൾ കൈവിട്ടു പോകും.

ശിൽപ്പശാല സംഘടിപ്പിച്ചു

കണ്ണൂർ: ഭാരത് പെട്രോളിയം കോർപ്പറേഷൻ, കണ്ണൂർ ഡിപ്പോയുടെ നേതൃത്വത്തിൽ പ്രതിരോധാത്മക ഡ്രൈവിംഗും ഊർജ സംരക്ഷണവും എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തി ഏകദിന പരീക്ഷണ ശിൽപ്പശാല കണ്ണൂർ പാർക്കൻസ് ഓഡിറ്റോറിയത്തിൽ നടന്നു.

ഭാരത് പെട്രോളിയം കോർപ്പറേഷൻ ദക്ഷിണ മേഖലാ ട്രാൻസ്പോർട്ട്, ഡെപ്യൂട്ടി ജനറൽ മാനേജർ ബി.കെ. ശ്രീനിവാസൻ ശിൽപ്പശാല ഉദ്ഘാടനം ചെയ്തു. പെട്രോളിയം സംരക്ഷണവും അനുബന്ധ വിഭാഗവുമായ പി.സി.ആർ.എ കേരളാ ചാപ്റ്റർ മേധാവി എം. സുരേഷ് കുമാർ, മാൻ പവർ യൂട്ടി ലൈസേഷൻ ആന്റ് സേഫ്റ്റി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആലുവ ചെയർമാൻ പി.എൻ.എൻ.പിള്ള എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. മറ്റ് ഓയിൽ കമ്പിനികളായ ഐ.ഒ.സി, എച്ച്.പി.സി., എൽ.പി.ജി എന്നീ വിഭാഗങ്ങളിലെ തൊഴിലാളികളാണ് ശിൽപ്പശാലയിൽ പങ്കെടുത്തു.

തെരുവുനായ ശല്യം; നടപടി സ്വീകരിക്കണമെന്ന്

അഞ്ചാംപീടിക: അഞ്ചാംപീടികയിൽ രൂക്ഷമായ തെരുവുനായ ശല്യം തടയാൻ അധികൃതർ അടിയന്തിരമായി നടപടികൾ സ്വീകരിക്കണമെന്ന ആവശ്യവുമായി നാട്ടുകാർ രംഗത്ത്. പ്രദേശത്ത് വൈകീട്ട് 6 മണിക്ക് ശേഷം നായ്ക്കളുടെ ശല്യം കാരണം നാട്ടുകാർക്ക് വഴി നടക്കാനുള്ള സൗകര്യം പോലുമില്ല. രാത്രിയായാൽ വഴി നടക്കുന്നവരുടെ നേർക്ക് പാഞ്ഞടുത്തും പിന്നാലെ ഓടിയും നായ്ക്കൾ ശല്യം സൃഷ്ടിക്കുന്നുണ്ട്. കല്ല്യാശേരി പഞ്ചായത്തിലും ആന്തൂർ മുനിസിപ്പാലിറ്റിയിലും പെടുന്ന സ്ഥലമാണ് അഞ്ചാംപീടിക. വിദ്യാർത്ഥികളും സ്ത്രീകളും അടക്കം പെരുമാറുന്ന സ്ഥലമായതിനാൽ അപകടം സംഭവിച്ചതിന് ശേഷം നടപടിയെടുക്കുന്നതിന് പകരം അപകടം സംഭവിക്കാതിരിക്കാനുള്ള മുൻകരുതലുകൾ അധികൃതർ സ്വീകരിച്ച് പ്രദേശവാസികളുടെ ഭീതിയകറ്റണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

യുവമോർച്ച ഭാരവാഹികളെ പ്രഖ്യാപിച്ചു

കണ്ണൂർ യുവമോർച്ച കണ്ണൂർ ജില്ലാ ഭാരവാഹികളെ ജില്ലാ പ്രസിഡണ്ട് സി.സി.രതീഷ് പ്രഖ്യാപിച്ചു. വൈസ് പ്രസിഡണ്ട്: സി.എം.ജിതേഷ് (തലശേരി), ടി.വി.രൂപേഷ് (പയ്യന്നൂർ), അഡ്വ.ജിതിൻ രഘുനാഥ് (ധർമ്മടം), സുജീഷ് എളയാവൂർ (കണ്ണൂർ), ജനറൽ സെക്രട്ടറി: കെ.സി.ജിയേഷ് (കൂത്തുപറമ്പ്), അജേഷ് നടുവനാട് (പേരാവൂർ), സെക്രട്ടറി: ബിജു കൊയ്യം (ഇരിക്കൂർ), സി.എം.വിപിൻകുമാർ (കല്ല്യാശേരി), ഉദേഷ് കൊയ്യോടൻ (മട്ടന്നൂർ), വി.വി.സജിത (പയ്യന്നൂർ), ട്രഷറർ: പി.വി.നികേഷ് (അഴീക്കോട്).

മനോജ് ചിന്മയമിഷൻ ഭാരവാഹികൾക്കും കുടുംബത്തോടുമൊപ്പം

ഉഷ ഫാബ്രിക്സിൽ 14 ലക്ഷം രൂപയുടെ സമ്മാനപ്പെരുമഴ ആരംഭിച്ചു

കരുവഞ്ചാൽ: മലയോര മേഖലയിലെ പ്രമുഖ വസ്ത്രാലയമായ കരുവഞ്ചാൽ ഉഷ ഫേബ്രിക്സിൽ സമ്മാനപ്പെരുമഴ പദ്ധതി ആരംഭിച്ചു. ഉപഭോക്താക്കൾക്കായി 14 ലക്ഷത്തിൽപ്പരം രൂപയുടെ സമ്മാനങ്ങൾ ലഭ്യമാക്കുന്ന പദ്ധതി 2018 ഏപ്രിൽ 30 വരെ നീണ്ടുനിൽക്കും. സ്കൂട്ടിയാണ് ബമ്പർ സമ്മാനം. ഒന്നാം സമ്മാനമായി എൽ.ഇ.ഡി ടി.വി നൽകും. ഇതിന് പുറമെ നിരവധി സമ്മാനങ്ങളും ഉപഭോക്താക്കൾക്കായി ഏർപ്പെടുത്തിയിട്ടുള്ളതായി മാനേജ്മെന്റ് അറിയിച്ചു. ദിനം പ്രതിയുള്ള നറുക്കെടുപ്പിലൂടെ ഓരോ മൊബൈൽ ഫോൺ, ഓരോ ആയിരം രൂപയുടെ പർച്ചേസിനും 200 രൂപയുടെ ഗിഫ്റ്റ് വൗച്ചർ എന്നിവയും ലഭ്യമാണ്.

സെന്റ്മേരീസ് ഹോളോ ബ്രിക്സ് ഉദയഗിരിയിലേക്ക്

ആലക്കോട്: മൂന്ന് വർഷമായി കാർത്തികപുരത്ത് പ്രവർത്തിച്ചുവന്ന സെന്റ്മേരീസ് ഹോളോബ്രിക്സ് കമ്പിനി ഉദയഗിരി സെന്റ്മേരീസ് പള്ളിക്ക് സമീപത്തെ കെ.ടി.സി ബിൽഡിംഗിലേക്ക് മാറ്റി പ്രവർത്തനമാരംഭിച്ചതായി മാനേജ്മെന്റ് അറിയിച്ചു. ഫോൺ: 9495260756

പടപ്പേങ്ങാട് അനശ്വര കുടുംബശ്രീ നടത്തിയ നരിമട ശുചീകരണം പഞ്ചായത്ത് മെമ്പർ എ.എൻ.വിനോദ് ഉദ്ഘാടനം ചെയ്യുന്നു

കുടുംബശ്രീ പ്രവർത്തകർ നരിമട ശുചീകരിച്ചു

പടപ്പേങ്ങാട്: മദ്യപൻമാരുടെയും സാമൂഹ്യവിരുദ്ധരുടെയും താവളമായി മാറിയ പടപ്പേങ്ങാട്ടെ നരിമട പടപ്പേങ്ങാട് അനശ്വര കുടുംബശ്രീ നേതൃത്വത്തിൽ ശുചീകരിച്ചു. പഞ്ചായത്ത് മെമ്പർ എ.എൻ. വിനോദ് ഉദ്ഘാടനം ചെയ്തു. കെ.വി.ശ്യാമള, ജയപത്മനാഭൻ, മിനി ദിലീപ് നേതൃത്വം നൽകി. ടൂറിസത്തിന് ഏറെ സാധ്യതയുള്ള നരിമടയും പരിസരങ്ങളും ഏറെക്കാലമായി സാമൂഹ്യവിരുദ്ധരുടെ താവളമായി മാറിയ സാഹചര്യത്തിലാണ് കുടുംബശ്രീ പ്രവർത്തകർ ശുചീകരണം നടത്തിയത്. നിരവധി മദ്യക്കുപ്പികളാണ് ഇവിടെ നിന്ന് കണ്ടെടുത്തത്. ഒരിക്കലും വറ്റാത്ത ജലാശയം സ്ഥിതി ചെയ്യുന്ന നരിമട സംരക്ഷിക്കുന്നതിന് അധികൃതർ നടപടികൾ സ്വീകരിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

വ്യാപാരികൾ യാത്രയയപ്പ് നൽകി

തേർത്തല്ലി: ബാങ്കിംഗ് മേഖലയിലെ 39 വർഷത്തെ സേവനത്തിന് ശേഷം വിരമിച്ച തേർത്തല്ലി ഗ്രാമീൺ ബാങ്ക് സീനിയർ മാനേജർ കെ.എം.സതീഷ്കുമാറിന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി തേർത്തല്ലി യൂണിറ്റ് ആഭിമുഖ്യത്തിൽ യാത്രയയപ്പ് നൽകി. പ്രസിഡണ്ട് ഷാജി കാരിക്കാട്ടിൽ അധ്യക്ഷത വഹിച്ചു. ടോമി എടാട്ടേൽ, എ.കെ.സെബാസ്റ്റ്യൻ, പി.എസ്.സനീഷ്, രാജീവ് മേരിഗിരി, കെ.എം.സതീഷ്കുമാർ, മോഹൻ ബാബു കുറുമ്പുറം, ജോസ് കാപ്പിൽ പ്രസംഗിച്ചു.

കെ.വി.വി.ഇ.എസ് തേർത്തല്ലി യൂണിറ്റ് ഉപഹാരം കെ.എം.സതീഷ്കുമാറിന് ഷാജി കാരിക്കാട്ടിൽ നൽകുന്നു

തലയിണകൾ നൽകി

തളിപ്പറമ്പ: കോസ്മൊപൊളിറ്റൻ ക്ലബ് നടത്തിവരുന്ന ചാരിറ്റബിൾ പ്രവർത്തനങ്ങളുടെ ഭാഗമായി കൂവോട് ആയുർവേദ ആശുപത്രിയിൽ കിടന്ന് ചികിത്സ നേടുന്ന രോഗികൾക്ക് 25 തലയിണകൾ നൽകി. വാർഡ് കൗൺസിലർ ചന്ദ്രൻ, ആശുപത്രി ആർ.എം.ഒ ഡോക്ടർ ഗീതയ്ക്ക് തലയിണ കൈമാറി കൊണ്ട് പരിപാടി ഉദ്ഘാടനം ചെയ്തു. ക്ലബ് പ്രസിഡണ്ട് കെ.വി.പ്രദീപ്കുമാർ അധ്യക്ഷത വഹിച്ചു. അബ്ദുള്ള ഹാജി, ജനാർദ്ദനൻ നായർ സംസാരിച്ചു. സെക്രട്ടറി ഒ.സുരേഷ്ബാബു സ്വാഗതവും ജോ.സെക്രട്ടറി വി.എൻ.രഞ്ജിത്ത് നന്ദിയും പറഞ്ഞു.

COSMOPOLITAN CLUB
Reg.No.256/97

കോസ്മൊപൊളിറ്റൻ ക്ലബ് കൂവോട് ആയുർവേദാശുപത്രിക്ക് നൽകുന്ന തലയിണകൾ വാർഡ് കൗൺസിലർ ചന്ദ്രൻ ആശുപത്രി ആർ.എം.ഒ ഡോ. ഗീതക്ക് കൈമാറുന്നു

താക്കോൽദാനം നടത്തി

ചപ്പാരപ്പടവ്: ശാരീരിക വെല്ലുവിളികളെ അതിജീവിച്ച് മെക്കാനിക്കായി ജോലി ചെയ്യുന്ന ചപ്പാരപ്പടവിലെ പി.പി.മനോജിന് തളിപ്പറമ്പ് ചിന്മയ മിഷൻ സൗജന്യമായി മുച്ചക്ര വാഹനം നൽകി. പടപ്പേങ്ങാട് സോപാനം സാംസ്കാരിക സമിതി സംഘടിപ്പിച്ച പരിപാടിയിൽ കാസർക്കോട് ചിന്മയ മിഷനിലെ സ്വാമി തത്വാനന്ദ സരസ്വതി താക്കോൽദാനവും അനുഗ്രഹ പ്രഭാഷണവും നടത്തി. തളിപ്പറമ്പ് ചിന്മയ മിഷൻ സെക്രട്ടറി ഇ.വേണുഗോപാൽ, ബി.ജെ.പി ജില്ലാ വൈസ് പ്രസിഡണ്ട് പി.ബാലകൃഷ്ണൻ, സി.വി.ഉണ്ണികൃഷ്ണൻ, അഡ്വ.രഘുനാഥ്, എം.പി.സുജാത, കെ.മുകേഷ് സംസാരിച്ചു. കെ.വി.ജനാർദ്ദനൻ അധ്യക്ഷത വഹിച്ചു.

ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു

തളിപ്പറമ്പ: 'വിമുക്തി' ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് കുറ്റ്യേരി ഹൈസ്കൂളിൽ നടന്നു. ആലക്കോട് റെയിഞ്ച് എക്സൈസ് സി.ഇ.ഒ എം.രാജീവൻ ക്ലാസ് നയിച്ചു. കെ.വി.സുമേഷ് മാസ്റ്റർ, എൻ.പി.മുഹമ്മദലി മാസ്റ്റർ, എം.ചന്ദ്രൻ മാസ്റ്റർ, യു.ഉമ്മർ സംസാരിച്ചു.

ജില്ലാ കേരളോത്സവത്തിൽ മലയാളം പ്രസംഗത്തിൽ ഒന്നാം സ്ഥാനം നേടിയ ബി.പി.വിപിന (ചുഴലി സഹകരണ ബാങ്ക് പ്രസിഡണ്ട് എം.എം. പ്രജോഷിന്റെ ഭാര്യയാണ്.)

യാത്രയയപ്പ് നൽകി

തളിപ്പറമ്പ: കെ.ബാലൻ തളിപ്പറമ്പ വെജ്കോയിലെ ജോലിയിൽ നിന്നും വിരമിച്ചു. യാത്രയപ്പ് സമ്മേളനം തളിപ്പറമ്പ് കോ-ഓപ്പറേറ്റീവ് കോളേജ് ചെയർമാൻ കെ.കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സംഘം പ്രസിഡണ്ട് കെ.കുഞ്ഞപ്പ അധ്യക്ഷത വഹിച്ചു. ചീഫ് എക്സിക്യൂട്ടീവ് കെ.രാജീവൻ സ്വാഗതം പറഞ്ഞു. കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയൻ തളിപ്പറമ്പ് ഏരിയാ സെക്രട്ടറി സി.എം.കൃഷ്ണൻ, ഡയരക്ടർമാരായ എം.കണ്ണൻ, എം.കെ.മോഹനൻ, ജീവനക്കാരായ ഒ.കുമാരൻ, കെ.രാമൻ സംസാരിച്ചു. കെ.ജനാർദ്ദനൻ നന്ദിയും പറഞ്ഞു.

ദാറുൽ ഹസനാത്ത് സനദ്ദാനം നാളെ

കണ്ണൂർ: 2018 ഫെബ്രുവരിയിൽ നടക്കാനിരിക്കുന്ന കണ്ണാടിപ്പറമ്പ് ദാറുൽ ഹസനാത്ത് ഇസ്ലാമിക് കോംപ്ലക്സിന്റെ കീഴിലുള്ള ദാറുൽ ഹസനാത്ത് ഇസ്ലാമിക് കോളേജിന്റെ രണ്ടാം സനദ്ദാന സമ്മേളനത്തിന്റെയും അഞ്ചാമത് ഹസനാത്ത് വാർഷിക പ്രഭാഷണത്തിന്റെയും പ്രഖ്യാപന സമ്മേളനം നാളെ രാത്രി ഏഴ് മണിക്ക് ക്യാമ്പസിൽ നടക്കും.

സമസ്ത കേരള ജംഇയ്യത്തുൽ ഉലമ വൈസ് പ്രസിഡണ്ട് പി.കെ.പി. അബ്ദുസലാം മുസ്ല്യാർ പരിപാടി ഉദ്ഘാടനം ചെയ്യും. പാണക്കാട് സയ്യിദ് മുനവ്വർ അലി ശിഹാബ് തങ്ങൾ സമ്മേളന പ്രഖ്യാപനം നടത്തും. രക്ഷാധികാരി അസ്ലം തങ്ങൾ അൽമശ്ഹൂർ അധ്യക്ഷത വഹിക്കും. പ്രിൻസിപ്പൽ അലി ബാഅലവി തങ്ങൾ മുഖ്യപ്രഭാഷണം നടത്തും. സമസ്ത സെക്രട്ടറി പി.പി. ഉമർ മുസ്ല്യാർ ആർട്സ് ഫെസ്റ്റ് ലോഗോ പ്രകാശനവും വി.കെ. അബ്ദുൽ ഖാദർ മൗലവി മാഗസിൻ പ്രകാശനവും നിർവഹിക്കും. ചടങ്ങിൽ പ്രമുഖ പണ്ഡിതൻമാരും സാംസ്കാരിക നേതാക്കളും സംബന്ധിക്കും.

വാർത്താ സമ്മേളനത്തിൽ ദാറുൽ ഹസനാത്ത് വർക്കിംഗ് സെക്രട്ടറി കെ.പി. അബൂബക്കർ ഹാജി, മീഡിയ കമ്മിറ്റി ചെയർമാൻ കബീർ കണ്ണാടിപ്പറമ്പ്, കൺവീനർ മുബാറക് ഹുദവി, പബ്ലിസിറ്റി ചെയർമാൻ അഷ്റഫ് ഹാജി കാട്ടാമ്പള്ളി പങ്കെടുത്തു.

മൂത്തേടത്ത് ഹൈസ്കൂൾ കെട്ടിടോദ്ഘാടനം നാളെ

തളിപ്പറമ്പ്: തളിപ്പറമ്പ് മൂത്തേടത്ത് ഹയർ സെക്കന്ററി സ്കൂളിൽ ഹൈസ്കൂളിന് വേണ്ടി പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം നാളെ രാവിലെ 10ന് മുൻസിപ്പൽ ചെയർമാൻ അള്ളാംകുളം മഹമൂദ് നിർവഹിക്കുമെന്ന് സ്കൂൾ ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. തളിപ്പറമ്പ് എജ്യുക്കേഷണൽ സൊസൈറ്റി പ്രസിഡന്റ് കെ.ശിവശങ്കരപ്പിള്ള അധ്യക്ഷനാകും. ഡി.ഇ.ഒ എൻ. ഗീത മുഖ്യാതിഥി ആകും. അഡ്വ. പി വി ശ്രീധരൻ നമ്പ്യാർ റിപ്പോർട്ട് അവതരിപ്പിക്കും. എഞ്ചിനീയർമാരായ എം. സി. ചന്ദ്രൻ, രാജു ജോസഫ് എന്നിവരെ അഡ്വ.പി വി ശ്രീധരൻ നമ്പ്യാരും അഡ്വ.എ ബാലഗോപാലനും ചേർന്ന് പൊന്നാട അണിയിക്കും. വാർഡ് കൗൺസിലർ കെ.ഹഫ്സത്ത്, ഐ.കെ. മാസ്റ്റർ ഇ.ടി.രാജീവൻ, പി.ടി.രത്നാകരൻ, ടി.പി.മായാമണി, എം.ജെ.മാത്യു, ഇ.എം.ഹരി സംസാരിക്കും. പി.വി.ബാലകൃഷ്ണൻ സ്വാഗതവും പി.വി ജയലക്ഷ്മി നന്ദിയും പറയും.

വാർത്താസമ്മേളനത്തിൽ പി.വി.ബാലകൃഷ്ണൻ, കെ.ശിവശങ്കരപ്പിള്ള, കെ.പി. മുരളീധരൻ സംബന്ധിച്ചു.

കൂടുതൽ വിഭവങ്ങളുമായി 'ടോപ് എൻ ടൗൺ' തളിപ്പറമ്പിൽ തുറന്നു

തളിപ്പറമ്പ: ടോപ് എൻ ടൗൺ ഫാമിലി റസ്റ്റോറന്റ് തളിപ്പറമ്പിൽ തുറന്ന് പ്രവർത്തനമാരംഭിച്ചു. മുമ്പ് തളിപ്പറമ്പിൽ പ്രവർത്തിച്ചിരുന്ന ടോപ് എൻ ടൗൺ പിന്നീട് നവീകരണ പ്രവർത്തനങ്ങൾക്കായി അടച്ചുപൂട്ടിയിരുന്നു. കൂടുതൽ വിഭവങ്ങളുമായി കൂടുതൽ ജാഗ്രതയോടെയാണ് തിരിച്ചെത്തുന്നത്. വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, വിശാലമായ പാർക്കിംഗ് സൗകര്യം, ഔട്ട്ഡോർ കാറ്ററിംഗ്, എ.സി. കൺവെൻഷൻ സെന്റർ, എ.സി. മീറ്റിംഗ്ഹാൾ, വെജിറ്റേറിയൻ ആന്റ് നോൺ വെജിറ്റേറിയൻ, തനി നാടൻ മുതൽ ലോകോത്തര വിഭവങ്ങൾ വരെ ഒരുക്കിയിട്ടുണ്ട്. ഇതോടൊപ്പം ഫ്രീ വൈ ഫൈ, ഫ്രീ ഹോം ഡെലിവറി സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. തളിപ്പറമ്പ ദേശീയപാതയ്ക്കരികിലെ ലൂർദ് ആശുപത്രിക്ക് സമീപം പ്രവർത്തിക്കുന്ന മൊട്ടമ്മൽ ഷോപ്പിംഗ് മാളിലാണ് 'ടോപ് എൻ ടൗൺ' തുറന്നത്. ഫോൺ: 0460 2202882.

സബ് കലക്ടർ കെ.ചന്ദ്രശേഖരന്റെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ സംഘം കുട്ടിപ്പുല്ലിൽ സന്ദർശനം നടത്തുന്നു

നടപടി റവന്യൂ, വനം വകുപ്പ് മന്ത്രിമാരുടെ നിർദേശ പ്രകാരം

കുടിയിറക്ക് ഭീഷണി നേരിടുന്ന കുട്ടിപ്പുല്ലിൽ സബ്കലക്ടർ സന്ദർശനം നടത്തി

ആലക്കോട്: വർഷങ്ങളായി കുടിയിറക്ക് ഭീഷണിയിൽ കഴിയുന്ന പാത്തൻപാറ കുട്ടിപ്പുല്ലിൽ സബ്കലക്ടറുടെ നേതൃത്വത്തിലുള്ള ഉന്നത സംഘം സന്ദർശനം നടത്തി. റവന്യൂ മന്ത്രി കെ.ചന്ദ്രശേഖരൻ, വനംമന്ത്രി കെ.രാജു എന്നിവരുടെ പ്രത്യേക നിർദേശ പ്രകാരമാണ് സബ്കലക്ടർ കെ.ചന്ദ്രശേഖരന്റെ നേതൃത്വത്തിലുള്ള സംഘം കുട്ടിപ്പുല്ലിലെത്തിയത്. ഉന്നത സംഘം സന്ദർശനം നടത്തിയത്. കുട്ടിപ്പുല്ലിലെ 50 ഓളം കർഷകർ നേരിടുന്ന കുടിയിറക്ക് പ്രശ്നങ്ങൾ നേരത്തെ സി.പി.ഐ നേതൃത്വം റവന്യൂമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. തുടർന്നാണ് പ്രശ്ന പരിഹാരത്തിന് നടപടികൾ സ്വീകരിക്കുന്നതിന് മന്ത്രിമാർ നിർദേശം നൽകിയത്. വർഷങ്ങളായി പട്ടയം അടക്കമുള്ള രേഖകൾ കൈവശം വെച്ച് കൃഷി ചെയ്തിരുന്ന കർഷകരുടെ ഭൂമി 1998ൽ സർക്കാർ വനഭൂമിയായ ഉൾപ്പെടുത്തിയതോടെ യാണ് കുട്ടിപ്പുല്ലിലെ കർഷകർ കുടിയിറക്ക് ഭീഷണി നേരിട്ടത്. വർഷങ്ങളായി ഭൂമി തിരിച്ച് കിട്ടുന്നതിനായുള്ള പോരാട്ടത്തിലാണ് കർഷകർ. സ്ഥലം സന്ദർശിച്ച് ഇതുസംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിനായാണ് സബ് കലക്ടറും സംഘവുമെത്തിയത്. ഇതിനൊപ്പം ഭൂരഹിതരായ ആദിവാസികൾക്ക് വാസയോഗ്യമായ സ്ഥലം കുട്ടിപ്പുല്ലിൽ ലഭ്യമാക്കുന്നതിനുമുള്ള ശ്രമവും നടക്കുന്നുണ്ട്. കുട്ടിപ്പുല്ലിലെ തങ്ങളുടെ സ്ഥലം തിരിച്ച് കിട്ടുമെന്ന പ്രതീക്ഷയിലാണ് കർഷകർ. ഡെപ്യൂട്ടി കലക്ടർ ഗോപിനാഥൻ, തഹസിൽദാർ എം.മുരളി, ഡപ്യൂട്ടി തഹസിൽദാറുമാരായ രാജൻ, അശോകൻ, കരുവഞ്ചാൽ ഫോറസ്റ്റർ മാനേജ്കുമാർ, വില്ലേജ് ഓഫീസർ അബ്ദുൾറഷീദ് എന്നിവരും സംഘത്തിലുണ്ടായിരുന്നു. പഞ്ചായത്ത് മെമ്പർ എ.വി.അമ്മിണി, സി.പി.ഐ നേതാക്കളായ ജെ.പി.ജോസഫ്, ടി.കെ.വത്സൻ, ജയിംസ് കുറ്റ്യാനിമറ്റത്തിൽ എന്നിവരുടെ നേതൃത്വത്തിലാണ് കർഷകരുടെ പ്രശ്നങ്ങൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയത്.

ദാറുൽ അമാൻ
മഹല്ല് കമ്മിറ്റി
ജഷ്നെ റബീഅ്
2017 ഡിസംബർ 1 2 3
(റ.അവ്വൽ 12,13,14)

തളിപ്പറമ്പ എളമ്പേരംപാറ ദാറുൽ അമാൻ മഹല്ല് കമ്മിറ്റി സംഘടിപ്പിച്ച ജഷ്നെ റബീഅ് സമാപന സംഗമം എസ്.വൈ.എസ്. പൂവ്വം സർക്കിൾ പ്രസിഡണ്ട് എം.പി. അബ്ദുറഷീദ് സഖാഫി ഉദ്ഘാടനം ചെയ്യുന്നു.